**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4933** **01-11-2021 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ ടയർ സംബന്ധമായ ജോലികൾ ചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വാഹനങ്ങളുടെ ടയർ സംബന്ധമായ ജോലികൾ ചെയ്യുന്ന തൊഴിലാളികൾക്ക് ഏതെങ്കിലും തൊഴിലാളി ക്ഷേമനിധി മുഖേന ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇവരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (എ) | 1. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിലുള്ള കേരള ആട്ടോ മൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ഇത്തരം തൊഴിലാളികൾക്ക് അംഗങ്ങളാകാൻ കഴിയുന്നതും, ആനുകൂല്യങ്ങൾ ലഭിക്കുന്നതുമാണ്. 2. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അംഗീകരിക്കപ്പെട്ട തൊഴിൽ മേഖലയിൽ വാഹനങ്ങളുടെ ടയർ സംബന്ധമായ ജോലികൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഷോപ്പ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടാത്ത ചെറുകിട തൊഴിലാളികൾക്ക് ഈ പദ്ധതിയുടെ വ്യവസ്ഥയ്ക്ക് വിധേയമായി അംഗത്വം നേടാവുന്നതാണ്. ആയതിനാൽ അപ്രകാരം അംഗത്വം നേടുന്ന, ടയർ വൽക്കനൈസിംഗ്/പഞ്ചർ വർക്ക്സ്/ടയർ റീത്രെഡിംഗ് മുതലായ ജോലികളിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി വിഭാവനം ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. 3. കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്. 2006-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ടിലെ വകുപ്പ് 2(ജി) പ്രകാരം ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് സ്ഥാപനം ടി ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ട്. ടയർ സംബന്ധമായ ജോലികൾ ചെയ്യുന്ന തൊഴിലാളികളും ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് സ്ഥാപനത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതിനാൽ |

| | | | |
|---|---|---|---|
| | | | 2007-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം അർഹമായ എല്ലാ ആനുകൂല്യങ്ങളും ടി ക്ഷേമനിധിയിലെ അംഗങ്ങളായ ടയർ സംബന്ധമായ ജോലികൾ ചെയ്യുന്ന തൊഴിലാളികൾക്കും നൽകി വരുന്നു. |
| (ബി) | കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ അവശ്യ സർവ്വീസുകൾ നടത്തുന്ന വാഹനങ്ങളുടെ ടയർ സംബന്ധമായ ജോലികൾ നിർവ്വഹിക്കുന്ന പ്രസ്തുത തൊഴിൽമേഖലയെ അവശ്യ സർവ്വീസുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | വാഹനങ്ങളുടെ ടയർ സംബന്ധമായ ജോലികൾ നിർവ്വഹിക്കുന്ന മേഖലയ്ക്ക് നിലവിൽ നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ